## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 726** **08-10-2024 - ൽ മറുപടിയ്ക്ക്**

### പിണ്ണാക്കനാട് സബ്സ്റ്റേഷന് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട പൊന്നുംവില നടപടികൾക്കായി ആവശ്യപ്പെട്ടിരുന്ന കണ്ടിജൻസി ചാർജ് ആയ Rs. 2,12,500/- (രണ്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ) സ്പെഷ്യൽ തഹസിൽദാർ, എൽ.എ.(ജനറൽ), പാലായുടെ ഓഫീസിൽ 27.06.2024-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് അടച്ചിട്ടുണ്ട്. തുടർന്ന് സാമൂഹിക ആഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (ജനറൽ), പാലാ 24.08.2024-ന് കോട്ടയം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട് |
| (ബി) | സ്ഥലം ഏറ്റെടുക്കുന്ന നടപടി വേഗത്തിലാക്കി പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് പൂർത്തിയാക്കുന്ന മുറയ്ക്ക്, പ്രസ്തുത വകുപ്പിൽ നിന്നും നിശ്ചയിച്ച് നൽകുന്ന സ്ഥല വില എത്രയും പെട്ടന്ന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ